# SSLC EXAMINATION, MARCH 2026

## SOCIAL SCIENCE

Answer Key

1. b) (A)- (ii), (B) - (iv), (C) - (i ), (D) - (iii)

2. a) പ്രസ്താവന (1) ശരിയും പ്രസ്താവന (2) തെറ്റുമാണ്

3. a) (A) - (iii), (B) - (i ), (C) – (ii)

4. d) ഇത് കാക്ക കലേക്കർ കമ്മീഷൻ എന്നും അറിയപ്പെടുന്നു

5. b) പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മുദ്രാവാക്യം മഹാത്മാഗാന്ധി നൽകി

6. a) കൃഷിക്ക് ശേഷം ഉപേക്ഷിക്കപ്പെടുന്ന പ്രദേശങ്ങളിൽ രൂപപ്പെടുന്ന ദ്വിതീയ വനങ്ങൾ

7. b) (C), (A), (D), (B)

8. d) ബോക്സൈറ്റ്

9. ഇ.വി. രാമസ്വാമി നായ്ക്കരുടെ ആത്മാഭിമാനപ്രസ്ഥാനത്തിന്റെ ആശയധാരയിൽനിന്നാണ് ദ്രാവിഡപ്രസ്ഥാനം രൂപമെടുത്തത്. ദ്രാവിഡജനതയുടെ രാഷ്ട്രീയശാക്തീകരണം, തമിഴ് ഭാഷയുടെ വളർച്ച, യുക്തിവാദം എന്നീ ആശയങ്ങളുടെ സ്വാധീനത്താൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തമിഴ് നാട്ടിൽ ആരംഭിച്ച പ്രസ്ഥാനമായിരുന്നു ദ്രാവിഡപ്രസ്ഥാനം. ദ്രാവിഡ സംസ്കാരത്തിനുമേൽ ബ്രാഹ്മണസംസ്കാരം മേധാവിത്വം നേടുന്നത് ചെറുക്കുക എന്നതും ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നു.

Pramod Kumar # Republican VHSS, Konni

**10.** ഭൂവൽക്കത്തിനുള്ളിൽ ഊർജം സ്വതന്ത്രമാക്കപ്പെടുന്ന കേന്ദ്രം പ്രഭവകേന്ദ്രം അഥവാ ഫോക്കസ് എന്ന് അറിയപ്പെടുന്നു.
ഫോക്കസിനോട് ഏറ്റവും അടുത്തുള്ള ഭൗമോപരിതലകേന്ദ്രം അധികേന്ദ്രം അഥവാ എപ്പിസെന്റർ എന്ന് അറിയപ്പെടുന്നു. ഫോക്കസിന് നേർമുകളിലുള്ള ഭൗമോപരിതല കേന്ദ്രത്തിലാണ് ഭൂകമ്പതരംഗങ്ങൾ ആദ്യമെത്തുന്നത്.

**11.** ഉൽപാദനം പരമാവധി വർധിപ്പിച്ചും, വേതനം കുറച്ചും ലാഭം നേടിയെടുക്കാൻ വ്യാവസായികമുതലാളിമാർ ശ്രമിച്ചു. വേതനത്തിലെ കുറവ് ജനങ്ങൾക്ക് ഉൽപന്നങ്ങൾ വാങ്ങുവാനുള്ള ശേഷി കുറച്ചു. തന്മൂലം ഉൽപന്നങ്ങൾ പൂർണ്ണമായും അതത് രാജ്യങ്ങളിൽത്തന്നെ വിറ്റഴിക്കാൻ കഴിയാതെവന്നു. അങ്ങനെ വ്യാവസായിക രാഷ്ട്രങ്ങൾ വിപണികൾക്കായി അന്വേഷണം ആരംഭിച്ചു. കോളനികളിലാണ് ഇവർ ഈ വിപണികൾ കണ്ടെത്തിയത്. ചുരുക്കത്തിൽ കോളനികളെ അസംസ്കൃതവസ്തുക്കൾ ശേഖരിക്കാനുള്ള ഇടവും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണികളുമായി യൂറോപ്യർ മാറ്റി. ഇതിനായി യൂറോപ്യൻമാർ അവിടെ രാഷ്ട്രീയാധിപത്യം സ്ഥാപിച്ചു. ഇതാണ് സാമ്രാജ്യത്വത്തിന്  വഴിതെളിച്ചത്.

**12.** ടൺഡ്രാമേഖല
ആർട്ടിക് വൃത്തം മുതൽ ധ്രുവം വരെയുള്ള പ്രദേശങ്ങളിൽ ആഴ്ചകളോളം സൂര്യൻ അസ്തമികാറില്ല. അതുപോലെ ഈ പ്രദേശങ്ങളിൽ ആഴ്ചകളോളം സൂര്യനുദിക്കാറുമില്ല. ധ്രുവരാത്രി എന്ന് വിളിക്കുന്ന ഈ കാലയളവിൽ ഇവിടെയുള്ളവർക്ക് അവരുടെ ജീവിതരീതികൾ പുനഃക്രമീകരിക്കേണ്ടതായി വരുന്നു. രാവിലെ ജോലിക്കായി പുറത്തേക്ക് പോകുമ്പോൾ രോമക്കുപ്പായങ്ങൾക്ക് പുറമെ ഇരുട്ടിൽ തിരിച്ചറിയുന്നതിനായി റിഫ്ലക്ടർ ഘടിപ്പിച്ച വസ്ത്രങ്ങൾകൂടി ഇവിടങ്ങളിലെ ജനങ്ങൾ ധരിക്കുന്നു.

**13.** വയറുനിറച്ച് ആഹാരം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന പ്രസ്താവന സാമാന്യബോധജ്ഞാനത്തിന്റെ ഭാഗമാണ്. പോഷകാഹാരങ്ങളെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും വിശദമായി മനസ്സിലാക്കാതെ ദൈനംദിന നിരീക്ഷണങ്ങളെമാത്രം അടിസ്ഥാനമാക്കിയാണ് ഇങ്ങനെയുള്ള പ്രസ്താവനകളുണ്ടാകുന്നത്. ഇത്തരത്തിൽ ഒരു ആശയത്തെക്കുറിച്ചുള്ള ഭാഗികധാരണകൾ മാത്രമേ സാമാന്യബോധജ്ഞാനം സാധാരണയായി നൽകുന്നുള്ളൂ. സാമാന്യബോധജ്ഞാനം പലപ്പോഴും ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയോ പഠനങ്ങളുടെയോ അടിസ്ഥാനത്തിലല്ല രൂപീകൃതമാകുന്നത്.

**14.** അധികാരക്കൈമാറ്റം ചർച്ചചെയ്യാൻവേണ്ടി ഇന്ത്യയിലെത്തിയ ബ്രിട്ടീഷ് മന്ത്രിസഭയിലെ മൂന്ന് അംഗങ്ങൾ ഉൾപ്പെട്ട കമ്മീഷനാണ് ക്യാബിനറ്റ് മിഷൻ. സ്റ്റാഫോർഡ് ക്രിപ്സ്, പെത്തിക്ക് ലോറൻസ്, എ.വി. അലക്സാണ്ടർ എന്നിവരായിരുന്നു അംഗങ്ങൾ. അധികാരക്കൈമാറ്റം നടക്കുന്നതുവരെ ഇടക്കാല ഗവൺമെന്റ് രൂപീകരിക്കുക, ഇന്ത്യക്കായി ഭരണഘടന തയ്യാറാക്കാൻ ഒരു ഭരണഘടന നിർമ്മാണസമിതി രൂപീകരിക്കുക എന്നിവയായിരുന്നു ക്യാബിനറ്റ് മിഷന്റെ പ്രധാന നിർദ്ദേശങ്ങൾ.

**15.**

a) ഉഷ്ണമേഖലയിലെ വൻകരകളുടെ പടിഞ്ഞാറ് ഭാഗങ്ങളിലാണ് ഉഷ്ണമരുഭൂമികൾ പൊതുവെ സ്ഥിതിചെയ്യുന്നത്. വാണിജ്യവാതങ്ങൾ വൻകരകൾക്ക് കുറുകെ സഞ്ചരിച്ച് പടിഞ്ഞാറ് അരികുകളിലേക്ക് എത്തുന്നതോടെ കാറ്റുകളിലെ ഈർപ്പം നഷ്ടപ്പെട്ട് ഇവ വരണ്ട കാറ്റുകളായി മാറുന്നു. അതിനാൽ വൻകരകളുടെ പടിഞ്ഞാറൻ അരികുകൾ വർഷംമുഴുവൻ വരണ്ടതായി കാണപ്പെടുന്നു. ഇതാണ് മരുഭൂമികൾ രൂപപ്പെടാനുള്ള പ്രധാന കാരണം.

b) സമുദ്ര സാമീപ്യമുള്ളതിനാൽ തീരപ്രദേശങ്ങളിൽ ദൈനിക താപാന്തരം കുറവായിരിക്കും.
സമുദ്രത്തിന്റെ സ്വാധീനം ഇല്ലാത്തതിനാൽ ഉൾപ്രദേശങ്ങളിൽ ദൈനിക താപാന്തരം വളരെ കൂടുന്നു.

**16.**

(A) ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയിൽ ഓരോ ജാതിക്കും കുലത്തൊഴിലുകൾ നിശ്ചയിച്ച് നൽകിയിരുന്നു. ബ്രാഹ്മണർക്ക് പൗരോഹിത്യവും, ക്ഷത്രിയർക്ക് രാജ്യസംരക്ഷണവും, വൈശ്യർക്ക് വ്യാപാരവും അനുവദിക്കപ്പെട്ടപ്പോൾ ശൂദ്രർ മറ്റ് ഉയർന്ന വിഭാഗങ്ങളെ സേവിക്കുന്നവരായി മാറി. ഒരു വ്യക്തിക്ക് സ്വന്തം കുലത്തൊഴിലല്ലാതെ മറ്റൊരു തൊഴിൽ തിരഞ്ഞെടുക്കാനുള്ള അനുവാദമുണ്ടായിരുന്നില്ല. ഈ അവസ്ഥ സാമൂഹിക ചലനാത്മകത തീരെയില്ലാത്ത ഒരു സമൂഹത്തെ നിലനിർത്തിയിരുന്നു.

(B) ഇന്ത്യയിലെ വിവിധ മതങ്ങൾ മാനവികമൂല്യങ്ങളായ സത്യസന്ധത, അനുതാപം, പരസ്പരബഹുമാനം, പരസ്പരസ്നേഹം, കരുതൽ, സാമൂഹിക ഉത്തരവാദിത്വം, നീതിബോധം, ധാർമ്മികത എന്നിവ പഠിപ്പിക്കുകയും

അതുവഴി സാമൂഹീകരണ പ്രക്രിയയെ സമ്പുഷ്ടമാക്കുകയും ചെയ്യുന്നു. അതിലൂടെ സമൂഹത്തിൽ സഹവർത്തിത്വവും ക്രമവും ഉറപ്പാക്കുന്നതിന് സാധിക്കുന്നു. അങ്ങനെ മതമൂല്യങ്ങൾ വ്യക്തികളുടെ പെരുമാറ്റത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിലൂടെ സാമൂഹികനിയന്ത്രണത്തിന്റെ ഉപാധിയായി വർത്തിക്കുകയും ചെയ്യുന്നു.

**17.** ഒന്നാം ലോകയുദ്ധാനന്തരം ജർമ്മനിയിൽ ഉദയംചെയ്ത സമഗ്രാധിപത്യ പ്രസ്ഥാനമായിരുന്നു നാസിസം. ഇതിന്റെ സ്ഥാപകൻ അഡോൾഫ് ഹിറ്റ്ലർ ആയിരുന്നു. അദ്ദേഹം 1923- ൽ അധികാരം പിടിച്ചെടുക്കാൻ ബെർലിനിലേക്ക് മാർച്ച് സംഘടിപ്പിക്കുകയും തുടർന്ന് തുറുങ്കിലടയ്ക്കപ്പെടുകയും ചെയ്തു. പിന്നീട് തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ എത്താനുള്ള ശ്രമം ആരംഭിച്ചു. അദ്ദേഹം തവിട്ട് കുപ്പായക്കാർ എന്ന സൈന്യത്തിന് രൂപം നൽകി. 1933- ലെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ലെങ്കിലും കുതന്ത്രങ്ങളിലൂടെ അധികാരത്തിൽവന്നു. തുടർന്ന് കമ്മ്യൂണിസ്റ്റുകൾ, സോഷ്യലിസ്റ്റുകൾ, ജനാധിപത്യവാദികൾ, ജൂതർ എന്നിവരെ ഇല്ലാതാക്കാനുള്ള നയം നടപ്പിലാക്കി. ഗസ്റ്റപ്പോ എന്ന രഹസ്യ പോലീസ് സേനയെ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ചു. ഹിറ്റ്ലറുടെ ആക്രമണപരമ്പരകൾ രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ചു.

**18.** (A) 1990- ൽ രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘതൻ എന്ന സംഘടനയാണ് വിവരാവകാശത്തിനായുള്ള പ്രസ്ഥാനത്തിന് ആരംഭംകുറിച്ചത്. രാജസ്ഥാനിലെ ഭീം തഹ്സിൽ എന്ന പിന്നാക്കപ്രദേശത്തായിരുന്നു ആദ്യമായി പൊതുനിർമ്മാണങ്ങളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടത്. സ്കൂളുകൾ, ഡിസ്പെൻസറികൾ, ചെറിയ ഡാമുകൾ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുപണം ദുരുപയോഗം ചെയ്യപ്പെട്ടുവെന്ന സംശയത്താലായിരുന്നു ഇത്. മസ്ദൂർ കിസാൻ ശക്തി സംഘതന്റെ ആഭിമുഖ്യത്തിൽ ഡൽഹി കേന്ദ്രമാക്കി വിവരാവകാശത്തിനായുള്ള ദേശീയ കൗൺസിൽ രൂപീകരിക്കപ്പെടുകയും ദേശീയതലത്തിൽ പ്രചാരണം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഉപഭോക്തൃവിദ്യാഭ്യാസ ഗവേഷണകേന്ദ്രം, പ്രസ്സ് കൗൺസിൽ, ഷൂരി കമ്മിറ്റി എന്നിവയും ഇതേ ആവശ്യം മുൻനിർത്തി വിവരാവകാശനിയമത്തിനായുള്ള കരട് രൂപം തയ്യാറാക്കാൻ നിർദേശിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് 2005- ൽ ഇന്ത്യയിൽ വിവരാവകാശനിയമം നിലവിൽവന്നത്.

(B) കേന്ദ്രസർക്കാരിന്റെ ശുപാർശ പ്രകാരം രാഷ്ട്രപതിയാണ് സംസ്ഥാന ഗവർണറെ നിയമിക്കുന്നത്.

നിയമസഭയിലേക്ക് ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യത്തിൽ മന്ത്രിസഭ രൂപീകരണവിഷയത്തിൽ ഗവർണർക്ക് വിവേചന അധികാരം പ്രയോഗിക്കാവുന്നതാണ്. സംസ്ഥാന ഭരണകാര്യങ്ങളെക്കുറിച്ച് രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിക്കുക. നിയമസഭ പാസാക്കുന്ന ബില്ലുകൾ ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ ബില്ലിന് അംഗീകാരം നൽകുന്നുവെന്നോ, നൽകുന്നില്ലായെന്നോ പ്രഖ്യാപിക്കുക / ഭേദഗതിയോടെ നിയമസഭയിലേക്ക് തിരിച്ചയയ്ക്കുക. അങ്ങനെ തിരിച്ചയയ്ക്കപ്പെടുന്ന ബിൽ സഭ വീണ്ടും പരിഗണിച്ച് ഭേദഗതിയോടെയോ അല്ലാതെയോ പാസാക്കി ഗവർണർക്ക് സമർപ്പിക്കുന്നപക്ഷം ഗവർണർ അതിന് അനുമതി നൽകാൻ ബാധ്യസ്ഥനാണ്. ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുക.

**19.** സൗരോർജ്ജം, കാറ്റ്, ഭൗമതാപോർജം, വേലിയേറ്റ ഊർജം, ജൈവോർജം
( ഏതെങ്കിലും മൂന്നെണ്ണം )

സൗരോർജ്ജം – ഊർജത്തിന്റെ അടിസ്ഥാന ഉറവിടമാണ് സൂര്യൻ. സൂര്യരശ്മികളെ ഊർജമാക്കി മാറ്റിയെടുക്കാൻ പല സാങ്കേതികവിദ്യകളും പ്രചാരത്തിലുണ്ട്. സൂര്യനിൽ നിന്നുള്ള ഊർജം ഉപയോഗിക്കാൻ ഫോട്ടോ വോൾട്ടായിക്, സോളാർ തെർമൽ ക്യാപ്ചർ എന്നീ മാർഗങ്ങൾ ഉപയോഗിക്കുന്നു. ഫോട്ടോ വോൾട്ടായിക് സെല്ലുകളിൽ സംഭരിക്കുന്ന സൂര്യകിരണങ്ങൾ പരിവർത്തനംചെയ്ത് കിട്ടുന്ന ഊർജം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

കാറ്റ് – കാറ്റിൽനിന്നുള്ള ഗതികോർജ്ജം ഒരു ഊർജരൂപമാക്കി മാറ്റുന്നു. കാറ്റിന്റെ ശക്തി ഉപയോഗിച്ച് കാറ്റാടി കറക്കുകയും അതുവഴി കാറ്റാടിയുമായി ബന്ധിപ്പിച്ചിരിക്കുന്ന ജനറേറ്റർ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുകയും ചെയ്യുന്നു.

ഭൗമതാപോർജം – ഭൗമാന്തർഭാഗത്തുനിന്നും മാഗ്മ ഉപരിതലത്തിലേക്ക് ബഹിർഗമിക്കുമ്പോൾ മോചിപ്പിക്കപ്പെടുന്ന താപം കാര്യക്ഷമായി സംഭരിച്ച് വൈദ്യുതോർജമാക്കി മാറ്റുന്നു. ഇതുകൂടാതെ ചൂട് നീരുറവകളിലൂടെ ഭൗമാന്തർഭാഗത്തുനിന്നും പുറത്തേക്ക് വമിക്കുന്ന ജലം, നീരാവി എന്നിവയിൽനിന്നും ഊർജം ഉല്പാദിപ്പിക്കാനും കഴിയുന്നു

വേലിയേറ്റ ഊർജം - സമുദ്രങ്ങളിലെ വേലിയേറ്റങ്ങളെ പ്രയോജനപ്പെടുത്തി ടർബൈനുകൾ കറക്കി വൈദ്യുതി ഉത്പാദിപ്പിക്കുന്നു..

ജൈവോർജം - ജൈവപദാർഥങ്ങളിൽ നിന്നും ജൈവാവശിഷ്ടങ്ങളിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഊർജമാണിത്. ജൈവോർജം വികസ്വര രാജ്യങ്ങളിലെ ഗ്രാമീണരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും പരിസരമലിനീകരണം കുറയ്ക്കുന്നതിനും സഹായിക്കുന്നു. നഗരമാലിന്യങ്ങളിൽനിന്നും ഊർജം ഉൽപാദിപ്പിക്കുന്ന പദ്ധതികളും ഇന്ന് നടപ്പിലാക്കിവരുന്നുണ്ട്.

20.

(a) ബാങ്കുകൾ നിക്ഷേപമായി സ്വീകരിക്കുന്ന പണത്തിൽനിന്നും റിസർവ് ബാങ്കിലേയ്ക്ക് കരുതൽ ധനമായി സൂക്ഷിക്കേണ്ട പണത്തിന്റെ അളവിനെ കരുതൽ ധനാനുപാതം എന്ന് പറയുന്നു.

(b) ഭാരതീയ റിസർവ് ബാങ്ക്  കരുതൽ ധനാനുപാതം കുറയ്ക്കുമ്പോൾ വായ്പ നൽകുന്നതിന് ബാങ്കുകളുടെ കൈവശമുള്ള പണത്തിന്റെ  അളവ് വർധിക്കുകയും, വായ്പ ലഭ്യത കൂടുകയും ചെയ്യുന്നു. അതുവഴി ജനങ്ങളുടെ കൈവശമുള്ള പണലഭ്യത ഉയരുന്നു.

21. ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി ആദ്യം ശ്രദ്ധപതിപ്പിച്ചത് പ്രാദേശിക സമരങ്ങളിലായിരുന്നു. 1917- ൽ ബീഹാറിലെ ചമ്പാരൻ ജില്ലയിലെ നീലം കർഷകരുടെ പ്രശ്നങ്ങളിൽ അദ്ദേഹം ഇടപെട്ടു. ചമ്പാരൻ സ്വദേശിയായ രാജ്കുമാർ ശുക്ലയുടെ പ്രേരണയിലാണ് അദ്ദേഹം അവിടെ എത്തിയത്. നീലം കർഷകരെ യൂറോപ്യന്മാരായ തോട്ടം ഉടമകൾ ചൂഷണം ചെയ്തിരുന്നു. ഗാന്ധിജിയുടെ ഇടപെടലിനെ തുടർന്ന് കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ അദ്ദേഹംകൂടി ഉൾപ്പെട്ട ഒരു കമ്മീഷനെ ബ്രിട്ടീഷ് ഭരണകൂടം നിയമിച്ചു. തൽഫലമായി കർഷകരുടെ പ്രശ്നങ്ങൾ കുറെയേറെ പരിഹരിക്കപ്പെട്ടു.

22. നാഷണൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സിസ്റ്റം (NEFT ) - അക്കൗണ്ട് ഉടമകൾ തമ്മിലുള്ള ബാങ്കിടപാടുകൾ എളുപ്പത്തിലും വേഗത്തിലുമാക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കൊണ്ടുവന്ന സംവിധാനം. ഇന്ത്യൻ ഫിനാൻഷ്യൽ സിസ്റ്റം കോഡ് (IFSC) ഉപയോഗപ്പെടുത്തിയാണ് ഫണ്ടുകൾ കൈമാറ്റം ചെയ്യപ്പെടുന്നത്.

റിയൽ ടൈം ഗ്രോസ് സെറ്റിൽമെന്റ് (RTGS) - അക്കൗണ്ട് ഉടമകൾ തമ്മിൽ വലിയ തുകകൾ കൈമാറ്റം ചെയ്യാൻ ആർ.ബി.ഐ. കൊണ്ടുവന്ന സംവിധാനം. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഇടപാടുകൾ പൂർത്തിയാക്കാനാകും എന്നതാണ് ഇതിന്റെ പ്രത്യേകത.

കോർ ബാങ്കിങ് - ഒരു ബാങ്കിന്റെ ഏത് ശാഖയിൽനിന്നും സാമ്പത്തിക ഇടപാടുകൾ അക്കൗണ്ട് ഉടമകൾക്ക് സാധ്യമാക്കുന്ന സംവിധാനം. ഇടപാടുകൾ നടത്തുന്നതിന് അക്കൗണ്ടുള്ള ബ്രാഞ്ചിൽതന്നെ പോകണമെന്നില്ല. ഇത് ഇടപാടുകാർക്ക് ഏറെ സൗകര്യമാണ്.

യൂണിവേഴ്സൽ പേയ്മെന്റ് ഇന്റർഫേസ് (UPI) - നാഷണൽ പെയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (NPCI) വികസിപ്പിച്ച പണമിടപാട് സംവിധാനം. ഇതുവഴി വിവിധ ബാങ്ക് അക്കൗണ്ടുകൾ തമ്മിൽ തത്സമയ പണമിടപാടുകൾ സാധ്യമാക്കുന്നു. ഉപയോക്താക്കൾക്ക് തങ്ങളുടെ വിവിധ ബാങ്ക് അക്കൗണ്ട് ഒരു മൊബൈൽ ആപ്ലിക്കേഷൻവഴി ബന്ധിപ്പിക്കാനും അതുവഴി ലളിതവും സുരക്ഷിതവുമായ ഇടപാടുകൾ നടത്താനും കഴിയുന്നു. ഗൂഗിൾ പേ, പേടിഎം, ഫോൺ പേ, ഭിം യുപിഐ, ആമസോൺപേ എന്നിവ ചില യു.പി.ഐ. ആപ്ലിക്കേഷനുകളാണ്.

**23.** ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യശില്പിയായ ജവഹർലാൽ നെഹ്റു നമ്മുടെ ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള ഒരു വിദേശനായത്തിനാണ് രൂപം നൽകിയത്. ഇന്ത്യൻ ദേശീയനയത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഉൾപ്പെടുന്ന പഞ്ചശീലതത്വങ്ങൾ, ചേരിചേരാനയം എന്നിവ ലോകസമാധാനം സംരക്ഷിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. രാജ്യങ്ങളുടെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക, പരസ്പരം ആക്രമിക്കാതിരിക്കുക, ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക, സമത്വവും പരസ്പരസഹായവും പുലർത്തുക, സമാധാനപരമായ സഹവർത്തിത്വം പാലിക്കുക എന്നിവയായിരുന്നു പഞ്ചശീലതത്വങ്ങളിൽ ഉൾക്കൊള്ളിച്ചിരുന്നത്. രണ്ടാം ലോകയുദ്ധത്തിനുശേഷം അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിൽ ആരംഭിച്ച ശീതയുദ്ധം ലോകസമാധാനത്തിനുതന്നെ ഭീഷണിയായപ്പോൾ ഇരു ശാക്തിക ചേരികളിലും ചേരാതെ ചേരിചേരാനയം സ്വീകരിച്ച ഇന്ത്യയുടെ വിദേശനയം ലോകത്തിനുതന്നെ മാതൃകയായി.

**24.** (A) പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസിന്റെ കാർഷിക വ്യാവസായിക

രംഗത്തുണ്ടായ പുരോഗതി മധ്യവർഗത്തിന്റെ ഉദയത്തിന് കാരണമായി. കാർഷിക വ്യാവസായിക രംഗത്തുണ്ടായ വളർച്ചയോടെ പുതിയ നഗരങ്ങൾ ഉയർന്നുവന്നു. നഗരങ്ങളിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തിയവർ സാമ്പത്തികപുരോഗതി കൈവരിക്കുകയും മധ്യവർഗത്തിന്റെ ഭാഗമാവുകയും ചെയ്തു. ആഭ്യന്തരവാണിജ്യവും കോളനികളുമായുള്ള കച്ചവടവും ഫ്രാൻസിലെ വ്യവസായികളെ സമ്പന്നരാക്കി. പ്രധാന തുറമുഖങ്ങളും പട്ടണങ്ങളും ഈ സമ്പന്നരുടെ നിയന്ത്രണത്തിലായിരുന്നു. ഇവരും മധ്യവർഗത്തിന്റെ ഭാഗമായിരുന്നു. ഇങ്ങനെ രൂപപ്പെട്ട മധ്യവർഗത്തിൽ ഡോക്ടർമാർ, നിയമജ്ഞർ, ബാങ്കർമാർ എന്നിവരും ഉൾപ്പെട്ടിരുന്നു. ഈ മധ്യവർഗവും സാധാരണക്കാരെപ്പോലെ ഭരണകൂടത്തിനും പ്രഭുക്കൾക്കും നികുതി നൽകണമായിരുന്നു. വിദ്യാഭ്യാസപരമായും സാമ്പത്തികമായും മുൻപന്തിയിലെത്തിയിട്ടും ഭരണത്തിലും സൈന്യത്തിലും അവർക്ക് അർഹിക്കുന്ന പദവിയോ അധികാരമോ ലഭിച്ചിരുന്നില്ല. കടുത്ത അസംതൃപ്തിയോടെയാണ് മധ്യവർഗം കഴിഞ്ഞിരുന്നത്.

(B) നിയമപരിഷ്കാരങ്ങളുടെ ഭാഗമായുള്ള നെപ്പോളിയന്റെ നിയമസംഹിത ഫ്യൂഡൽ നിയമങ്ങൾ അവസാനിപ്പിക്കുകയും സമത്വവും മതസ്വാതന്ത്ര്യവും അംഗീകരിക്കുകയും ചെയ്തു. പോപ്പുമായി ഉണ്ടാക്കിയ കരാർ പ്രകാരം കത്തോലിക്കാസഭയുടെ പ്രവർത്തനസ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു. മറ്റ് മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചു. വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ലിസെയ് എന്ന പേരിൽ സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചു. സർക്കാർ സർവീസിലേക്കും സൈന്യത്തിലേക്കും ആവശ്യമുള്ള വിദ്യാസമ്പന്നരെ സൃഷ്ടിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. യൂണിവേഴ്സിറ്റി ഓഫ് ഫ്രാൻസ് എന്ന പേരിൽ ഒരു ദേശീയ സർവകലാശാലാസമ്പ്രദായം ആരംഭിച്ചു. ഈ സംവിധാനത്തിലൂടെ രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ നിയന്ത്രിച്ചു. ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിക്കുകയും ഏകീകൃത കറൻസി സംവിധാനം നടപ്പിലാക്കുകയും ചെയ്തു. സൈന്യത്തെ പല ബറ്റാലിയനുകളാക്കി പുനഃസംഘടിപ്പിച്ചു. ഇത്തരത്തിലുള്ള നെപ്പോളിയന്റെ പരിഷ്കാരങ്ങൾ ആധുനിക ഫ്രാൻസിന് അടിത്തറയിട്ടു.

**25. (A) ടെക്ടോണിക് ഭൂകമ്പങ്ങൾ**

**രണ്ട് ഫലകങ്ങൾക്കിടയിൽ ചലനം ഉണ്ടാകുമ്പോൾ അവയുടെ അതിരുകളിൽ**

ഘർഷണം രൂപപ്പെടുന്നു. ഈ ഘർഷണം ഒരുതരത്തിൽ ഫലകങ്ങളുടെ ചലനത്തെ തടസ്സപ്പെടുത്തുന്നു. അപ്പോൾ ഫലകാതിരുകളിൽ ഉയർന്ന സമ്മർദ്ദം സൃഷ്ടിക്കുകയും വലിയ തോതിൽ ഊർജം സംഭരിക്കപ്പെടുകയും ചെയ്യുന്നു. ഫലകങ്ങളുടെ ചലിക്കുവാനുള്ള സമ്മർദ്ദം ഫലകാതിരുകളിലെ ഘർഷണത്തെ അതിജീവിക്കുമ്പോൾ ഫലകാതിരുകളിൽ പൊടുന്നനെയുള്ള ചലനം അഥവാ ഭ്രംശം ഉണ്ടാകുന്നു. തുടർന്ന് ഫലകാതിരുകളിൽ സംഭരിച്ചുവച്ചിരിക്കുന്ന ഊർജം പൊടുന്നനെ സ്വതന്ത്രമാക്കപ്പെടുന്നു. ഇത് തരംഗരൂപേണ ഭൂമിയ്ക്കുള്ളിലൂടെ സഞ്ചരിച്ച് ഭൗമോപരിതലത്തിൽ എത്തുന്നു. ഈ ഭൂകമ്പതരംഗങ്ങളാണ് ഭൗമോപരിതലത്തിൽ ഭൂചലനമായി അനുഭവപ്പെടുന്നത്.

(B) സമാനമായ മറ്റ് പ്രദേശങ്ങളിൽ സംഭവിച്ചിട്ടുള്ള ദുരന്തങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് മുൻകരുതൽ നടപടികളെ സംബന്ധിച്ച ധാരണകൾ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പ്രതിസന്ധി ഘട്ടങ്ങൾ ഉണ്ടായാൽ അത്തരം സാഹചര്യങ്ങളിൽനിന്ന് മോചിതരാകാനുള്ള ബോധവൽക്കരണം ജനങ്ങളിൽ നടത്തേണ്ടതാണ്. പ്രദേശത്തെ മണ്ണിന്റെ ആഴം, ഘടന, ഭൂവിനിയോഗം, നീർച്ചാലുകളുടെ വിന്യാസം എന്നിവയെ സംബന്ധിച്ച വ്യക്തമായതും ശാസ്ത്രീയവുമായ ധാരണ മുൻകരുതലുകളുടെ ഭാഗമായി ജനങ്ങളിൽ രൂപപ്പെടുത്തണം. അശാസ്ത്രീയമായ പാറപൊട്ടിക്കൽ, അശാസ്ത്രീയ നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരെ ജനകീയ ബദലുകൾ സൃഷ്ടിക്കുന്നത് ഭാവിയിലെ പ്രതിസന്ധികൾക്ക് ഒരുപരിധിവരെ പരിഹാരമാകും. പരിസ്ഥിതിസൗഹാർദ്ദപരമായ ജീവിതവീക്ഷണവും, അതിലൂടെ രൂപപ്പെടുന്ന പാരിസ്ഥിതിക കൂട്ടായ്മകളും നിലനിർത്തപ്പെടണം.

**26.** (A) വിജ്ഞാന സമ്പദ് വ്യവസ്ഥയിൽ അറിവാണ് പ്രധാന ഘടകം. അറിവുകളെയും സാങ്കേതിക വിദ്യകളെയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിവുള്ള മാനവവിഭവശേഷിയാണ് ഇതിന്റെ അടിസ്ഥാനം. പുതിയ സാങ്കേതികവിദ്യകൾ ഇന്ത്യയിലെ കൃഷിയെ പരമ്പരാഗത രീതിയിൽനിന്ന് മാറ്റി കൂടുതൽ ലാഭകരവും കാര്യക്ഷമവുമായി മാറ്റുന്നു. എപ്പോൾ നനയ്ക്കണം, വളമിടണം തുടങ്ങിയ കാര്യങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സെൻസറുകൾ, ഡ്രോണുകൾ എന്നിവയുടെ സഹായത്തോടെ നിർവഹിക്കുന്നു. കുറഞ്ഞ ചെലവും മെച്ചപ്പെട്ട വിളവും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയുള്ള നേരിട്ടുള്ള വില്പനയുംവഴി കർഷകർക്ക് ഉയർന്ന വരുമാനം നേടുവാനും കഴിയുന്നു. വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ പുതിയ ലോകം ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ കാർഷിക മേഖലയിൽ വൻ മാറ്റങ്ങൾ സൃഷ്ടിക്കുന്നു.

(B) ഐക്യരാഷ്ട്രസമിതിയാണ് മാനവവികസന സൂചിക തയ്യാറാക്കുന്നത്.

ആയൂർദൈർഘ്യം, സാക്ഷരതയും മൊത്ത സ്കൂൾ പ്രവേശന നിരക്കും, പ്രതിശീർഷവരുമാനം എന്നീ മൂന്ന് ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് മാനവ വികസന സൂചിക തയ്യാറാക്കുന്നത്. ഇവ ഓരോന്നിന്റെയും മൂല്യം പ്രത്യേകം കണക്കാക്കി അവയുടെ ശരാശരി കണ്ടെത്തിയാണ് മാനവവികസന സൂചിക തയ്യാറാക്കന്നത്. ഇവയുടെ മൂല്യം പൂജ്യത്തിനും ഒന്നിനും ഇടയിലാണ്. സൂചികയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ലോകരാഷ്ട്രങ്ങളെ താഴ്ന്ന മാനവവികസനം, ഇടത്തരം മാനവവികസനം, ഉയർന്ന മാനവവികസനം, വളരെ ഉയർന്ന മാനവവികസനം എന്നീ നാല് വിഭാഗങ്ങളായി തിരിക്കാം.

**27.** പൊതുജനാഭിപ്രായ രൂപീകരണത്തിന്റെ ആദ്യഘട്ടം കുടുംബങ്ങളിൽനിന്നാണ് ആരംഭിക്കുന്നത്. രക്ഷിതാക്കളുമായി വിവിധ താരത്തിലുള്ള ചർച്ചകളിൽ കുട്ടികൾ പങ്കാളികളാകാറുണ്ട്. ഒരു കുട്ടിയുടെ സാമൂഹീകരണപ്രക്രിയ ആരംഭിക്കുന്നത് കുടുംബത്തിൽനിന്നാണ്. കുടുംബങ്ങളുടെ പരമ്പരാഗതമായ വിശ്വാസങ്ങൾ, ധാരണകൾ തുടങ്ങിയവ കുട്ടിയുടെ അഭിപ്രായരൂപീകരണത്തെ സ്വാധീനിക്കാറുണ്ട്. കുടുംബത്തിൽ നടക്കുന്ന ചർച്ചകളിലും സംഭാഷണങ്ങളിലും കുട്ടി പങ്കാളിയോ സാക്ഷിയോ ആണ്. ഇതിൽ രാഷ്ട്രീയം, വിശ്വാസം, മതം, സാഹിത്യം തുടങ്ങിയവയെല്ലാം വിഷയമാകാറുണ്ട്. ഇത്തരത്തിൽ വിവിധങ്ങളായ വിഷയങ്ങളിലുള്ള കുട്ടിയുടെ അഭിപ്രായരൂപീകരണത്തിൽ പ്രഥമസ്വാധീനം കുടുംബമെന്ന സാമൂഹ്യസ്ഥാപനത്തിനാണ്.

**28.** ഉപഭോക്താക്കൾക്ക് തങ്ങളുടെ അവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ, ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും തിരഞ്ഞെടുപ്പ്, വിപണിയിലെ വ്യത്യാസങ്ങൾ, ഉപഭോക്തൃ നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവ് നൽകുന്നതാണ് ഉപഭോക്തൃ വിദ്യാഭ്യാസം.ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുക, ഉപഭോക്തൃ ഉത്തരവാദിത്വങ്ങൾ ബോധ്യമാക്കുക, വ്യാപാരത്തിൽ പ്രത്യേകിച്ച് ഓൺലൈൻ വ്യാപാരത്തിൽ സുരക്ഷ ഉറപ്പാക്കുക, വിപണിയിലെ ധാർമ്മികതയും ചട്ടങ്ങളും തിരിച്ചറിയുക, ഉപഭോക്തൃസംരക്ഷണ നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ആരോഗ്യ സുരക്ഷ ഉറപ്പാക്കുക, ഉപഭോക്തൃനീതി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ. ഉപഭോക്തൃ വിദ്യാഭ്യാസം ഉപഭോക്താക്കളിൽ ബോധവൽക്കരണം ഉറപ്പാക്കുകയും,

സ്വയംസുരക്ഷാമൂല്യം ഉയർത്തുകയും, തട്ടിപ്പുകളിൽനിന്നും തെറ്റായ ഇടപാടുകളിൽനിന്നും സംരക്ഷിതരാകാൻ ഉപഭോക്താക്കളെ സഹായിക്കുന്നു. ബോധവൽക്കരണത്തിലൂടെ മികച്ച ഉപഭോക്തൃ സമൂഹത്തെ നമുക്ക് സൃഷ്ടിക്കാൻ കഴിയും.


**29.**

(A) ഉയർന്ന അളവിൽ സൂര്യപ്രകാശവും ശക്തമായ മഴയും ലഭിക്കുന്ന കാലാവസ്ഥാമേഖല - ഭൂമധ്യരേഖാകാലാവസ്ഥാമേഖല

(B) ആഫ്രിക്കയിലെ ഏറ്റവും വലിയ ഉഷ്ണമരുഭൂമി - സഹാറ

(C) ഏഷ്യയിലെ മിതോഷ്ണ പുൽമേട് - സ്റ്റെപ്പി

(D) ഇന്ത്യ ഉൾപ്പെടുന്ന കാലാവസ്ഥാമേഖല - മൺസൂൺ കാലാവസ്ഥാമേഖല



30.

(A) നവോത്ഥാനസാഹിത്യകാരന്മാർ വ്യക്തിസ്വാതന്ത്ര്യത്തിനും മതേതരമൂല്യങ്ങൾക്കും പ്രാധാന്യം നൽകി. മധ്യകാലത്ത് നിലനിന്നിരുന്ന സ്കോളാസ്റ്റിസിസത്തിൽ നിന്നുള്ള മോചനമായിരുന്നു നവോത്ഥാനസാഹിത്യത്തിന്റെ അടിസ്ഥാന സവിശേഷത. പ്രാചീന ഗ്രെക്കോ - റോമൻ സംസ്കാരത്തിന്റെ സ്വാധീനം ഉണ്ടായിരുന്നുവെങ്കിലും ലാറ്റിൻ ഭാഷയ്ക്കുപകരം പ്രാദേശികഭാഷയിലാണ് മിക്ക നവോത്ഥാനസാഹിത്യകാരരും രചനകൾ നടത്തിയത്. ഗദ്യസാഹിത്യത്തിന് ഇക്കാലത്ത് കൂടുതൽ പ്രാധാന്യം ലഭിച്ചു. നവോത്ഥാനകാലത്തെ ശ്രദ്ധേയനായ സാഹിത്യകാരനായിരുന്നു ഡിവൈൻ കോമഡിയുടെ രചയിതാവായ ദാന്തെ. നരകം, ശുദ്ധീകരണസ്ഥലം, സ്വർഗം എന്നിവയിലൂടെയുള്ള ദാന്തെയുടെ സാങ്കല്പിക തീർഥാടനമാണ് ഈ കവിതയുടെ പ്രമേയം. പക്ഷേ മനുഷ്യസ്നേഹം, രാജ്യസ്നേഹം, പ്രകൃതി പ്രതിഭാസങ്ങളോടുള്ള താൽപര്യം, സ്വതന്ത്രവും ഏകീകൃതവുമായ ഇറ്റലിക്കുവേണ്ടിയുള്ള മോഹങ്ങൾ എന്നിവ ഇതിൽ ശക്തമായി പ്രതിഫലിക്കുന്നു. ഇറ്റലിയിലെ പ്രാദേശികഭാഷയിലാണ് ദാന്തെ ഡിവൈൻ കോമഡി രചിച്ചത്. വിശ്വപ്രസിദ്ധ സാഹിത്യകാരനായ പെട്രാർക്ക് മാനവികതയുടെ പ്രധാന പ്രചാരകരിലൊരാളായിരുന്നു ബൊക്കാച്ചിയോയുടെ ഡക്കാമറൺ, നിക്കോളോ മാക്യവെല്ലിയുടെ ദി പ്രിൻസ് എന്നിവ അക്കാലത്തെ പ്രധാന കൃതികളായിരുന്നു. മാനവികതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ ചില വനിതകളും ഇക്കാലത്ത് ഇറ്റലിയിൽ ജീവിച്ചിരുന്നു. കസാന്ദ്ര ഫെഡെലെ തന്റെ രചനകളിലൂടെയും പ്രസംഗങ്ങളിലൂടെയും സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ഇറ്റലിയിലെ മാനവികതാവാദികളായ പ്രഭുക്കളുമായി കത്തുകളിലൂടെ ആശയവിനിമയം നടത്തിയ അവരുടെ പ്രസംഗങ്ങളും രചനകളും നിരവധി പ്രസിദ്ധീകരണങ്ങൾ അച്ചടിച്ച് പ്രചരിപ്പിച്ചു. പിൽക്കാലത്ത് നവോത്ഥാനം ഇറ്റലിയിൽ നിന്നും മറ്റ് രാജ്യങ്ങളിലെ സാഹിത്യത്തിലേക്കും വ്യാപിക്കാൻ തുടങ്ങി. അവിടങ്ങളിലും നിരവധി കൃതികൾ രചിക്കപ്പെട്ടു. നവോത്ഥാനകാലത്തെ സാഹിത്യരചനകളെ ജനകീയമാക്കുന്നതിൽ അച്ചടി സുപ്രധാന പങ്കുവഹിച്ചു.

(B) ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി തികച്ചും വേറിട്ടവഴി സ്വീകരിച്ച നേതാവായിരുന്നു സുഭാഷ് ചന്ദ്രബോസ്. രണ്ടുതവണ കോൺഗ്രസിന്റെ പ്രസിഡന്റായ സുഭാഷ് ചന്ദ്രബോസ് പിന്നീട് ഗാന്ധിജിയുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് കോൺഗ്രസിൽനിന്ന് രാജിവച്ച് ഫോർവേഡ് ബ്ലോക്ക് എന്ന പാർട്ടി രൂപീകരിച്ചു. രണ്ടാം ലോകയുദ്ധകാലത്ത്

സിംഗപ്പൂരിലെത്തിയ സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു. ഐ.എൻ.എ.യെ പുനഃസംഘടിപ്പിച്ച അദ്ദേഹം ജപ്പാൻ പട്ടാളത്തോടൊപ്പം ഇന്ത്യയിലേക്ക് മാർച്ച് ചെയ്തു. എന്നാൽ ബ്രിട്ടീഷ് പട്ടാളത്തിന്റെ കനത്ത ചെറുത്തുനിൽപ്പിനെ മറികടക്കാൻ അദ്ദേഹത്തിന്റെ ശ്രമങ്ങൾക്ക് കഴിഞ്ഞില്ല. ലക്ഷ്യം നേടുന്നതിൽ വേണ്ടത്ര വിജയിച്ചില്ലെങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ അവസാനഘട്ടത്തിൽ ജനങ്ങളിൽ ആവേശം സൃഷ്ടിക്കാൻ ഐ.എൻ.എ.യ്ക്ക് കഴിഞ്ഞു. രണ്ടാംലോകയുദ്ധം അവസാനിച്ചതിനുശേഷം ബ്രിട്ടീഷുകാർ പിടികൂടിയ ഐ.എൻ.എ. ഭടന്മാരെ ഡൽഹിയിലെ ചെങ്കോട്ടയിൽവച്ച് വിചാരണ ചെയ്തു. "ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള അവസാനയുദ്ധം ആരംഭിച്ചിരിക്കുന്നു. പിതാവേ, ഇന്ത്യയുടെ മോചനത്തിനായുള്ള ഈ വിശുദ്ധ യുദ്ധത്തിൽ ഞങ്ങൾ അങ്ങയുടെ അനുഗ്രഹങ്ങൾ തേടുകയാണ് " എന്ന് 1944 ജൂലൈ 6- ന് ആസാദ് ഹിന്ദ് റേഡിയോ വഴി സുഭാഷ്ചന്ദ്രബോസ് ഗാന്ധിജിയെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിലൂടെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി അദ്ദേഹം നടത്തിയ വേറിട്ട സമരമാർഗ്ഗങ്ങൾ കൂടുതൽ ജനശ്രദ്ധയാകർഷിച്ചു.

**31.** (A) തിരശ്ചീനദിശയിൽ ഉച്ചമർദപ്രദേശങ്ങളിൽനിന്നും ന്യൂനമർദപ്രദേശങ്ങളിലേക്കുള്ള വായുവിന്റെ ചലനമാണ് കാറ്റ് എന്നറിയപ്പെടുന്നത്. ഇലകൾ ഇളകിയാൽ മാത്രം തിരിച്ചറിയാൻ കഴിയുന്ന ഇളംകാറ്റുകൾ മുതൽ സർവനാശം വിതയ്ക്കുന്ന കൊടുംകാറ്റുകൾവരെ അന്തരീക്ഷത്തിൽ വീശാറുണ്ട്. കാറ്റിന്റെ വേഗതയെയും ശക്തിയെയും പ്രധാനമായും സ്വാധീനിക്കുന്ന രണ്ട് കാര്യങ്ങളാണ് മർദചരിവുബലം , ഘർഷണബലം എന്നിവ. തിരശ്ചീനതലത്തിൽ മർദത്തിന്റെ അളവിലുണ്ടാകുന്ന വ്യത്യാസമാണ് മർദചരിവ്. മർദവ്യത്യാസംമൂലം ഉച്ചമർദമേഖലകളിൽനിന്നും ന്യൂനമർദം മേഖലകളിലേയ്ക്ക് വായുവിന്റെ ചലനം സാധ്യമാക്കുന്ന ബലമാണ് മർദചരിവുബലം. അടുത്തടുത്തുള്ള സ്ഥലങ്ങൾ തമ്മിൽ കാര്യമായ മർദവ്യത്യാസമാണുള്ളതെങ്കിൽ മർദചരിവ് കൂടുതലല്ലെന്നും, തിരശ്ചീനതലത്തിൽ മർദത്തിൽ കാര്യമായ വ്യത്യാസമില്ലെങ്കിൽ മർദചരിവ് കുറവെന്നും കണക്കാക്കുന്നു. മർദചരിവ് കൂടിയ ഇടങ്ങളിൽ കാറ്റ് ശക്തമായിരിക്കും. കുന്നുകൾ, മലകൾ, വനങ്ങൾ, മനുഷ്യനിർമ്മിതികൾ തുടങ്ങിയവ ഉയർത്തുന്ന ഘർഷണം കരയിൽ കാറ്റിന്റെ സുഗമസഞ്ചാരത്തെ തടസ്സപ്പെടുത്തുന്നു. കടലിൽ അത്തരത്തിലുള്ള പ്രതിബന്ധങ്ങൾ ഇല്ലാത്തതിനാൽ കരയെ അപേക്ഷിച്ച് കടലിൽ കാറ്റുകൾ ശക്തിയായി വീശുന്നു.

(B) ഭൂമിയിലുള്ള വിവിധതരം ശിലകൾ കാലാന്തരത്തിൽ പലവിധ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കും. ചില ബാഹ്യജന്യ പ്രക്രിയയുടെ ഫലമായി ശിലകൾ ഭൗതികമായി പൊട്ടിപൊടിയുകയോ രാസപരമായി വിഘടിക്കുകയോ ചെയ്യുന്നു. ഇത്തരത്തിൽ ശിലകൾക്ക് രാസപരമായും ഭൗതികമായും മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയകളെ അപക്ഷയം എന്നുവിളിക്കുന്നു.

താപ വ്യതിയാനം മൂലം ശിലാധാതുക്കൾ സങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്നു. കാലക്രമേണ ഇത് ശിലകൾ പൊടിയുന്നതിന് കാരണമാകുന്നു. കൂടാതെ ശിലകളിലെ വിള്ളലുകൾക്കുള്ളിൽ ജലം തണുത്തുറയുന്നതുകൊണ്ട് വിള്ളലുകൾ വികസിക്കുകയും ക്രമേണ ഇത് ശിലകൾ പിളരുന്നതിന് കാരണമാകുകയും ചെയ്യുന്നു.

സസ്യങ്ങളുടെ വേരുകൾ ശിലകളിലെ വിടവുകളിലേക്ക് ആഴ്ന്നിറങ്ങുന്നതും ചെറുജീവികൾ മാളങ്ങൾ ഉണ്ടാക്കുന്നതും സസ്യ ജന്തു അവശിഷ്ടങ്ങളുടെ ജീർണനവുമൊക്കെ ശിലകളുടെ ശിഥിലീകരണത്തിന് കാരണമാകുന്നു.

---



Prepared by:
PRAMOD KUMAR.T
HST Social Science
Republican VHSS, Konni
Pathanamthitta
Mobile : 9447090288
9400790288